**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1344** **06/02/2020**-ൽ മറുപടിയ്ക്ക്

**ഭൂമി ഏറ്റെടുക്കൽ**

ചോദ്യം : മറുപടി :

ശ്രീ.എം.ഉമ്മർ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്യം നിന്നതും ഉപേക്ഷിക്കപ്പെട്ടതുമായ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരള അന്യം നിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കൾ സംബന്ധിച്ച ആക്ട് 1964, അതിന്മേലുണ്ടാക്കിയ 1965-ലെ ചട്ടങ്ങൾ ഇവ പ്രകാരം നിയമാനുസൃത അവകാശികൾ ഇല്ലാതെയും വിൽപ്പത്രം എഴുതി വയ്ക്കാതെയും മരണപ്പെടുന്ന ആളിന്റെ വസ്തുവകകൾ വകുപ്പ് (3) പ്രകാരം അന്യം നിന്ന വസ്തുക്കളാകുന്നതും അവ സർക്കാർ വകയായി തീരുന്നതുമാണ്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിക്കുന്ന മുറയ്ക്ക് ടി വകുപ്പിലെ (4) പ്രകാരം വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ മുഖേന അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഗതികൾ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം വകുപ്പ് (5) പ്രകാരം ആറു മാസത്തിനകം തന്റെ മുന്നിൽ ഹാജരായി അവകാശവാദം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. അവകാശവാദങ്ങളോ പരാതിയോ ലഭിക്കുകയാണെങ്കിൽ വകുപ്പ് (6) പ്രകാരം പരാതിക്കാരനെ കേട്ടതിനു ശേഷം മാത്രം തീരുമാനം കൈക്കൊള്ളുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത നിയമം അനുശാസിക്കുന്ന വിധത്തിൽ ഏറ്റെടുത്ത് സർക്കാർ സംരക്ഷിക്കുന്നതാണ്. ജില്ലാ കളക്ടറുടെ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട കക്ഷികൾക്ക് വകുപ്പ്(7) പ്രകാരം ആവശ്യമെങ്കിൽ മൂന്ന് മാസത്തിനുള്ളിൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള കമ്മീഷണറുടെ തീരുമാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആക്ഷേപമുള്ള പക്ഷം പ്രസ്തുത തീരുമാനം കൈപ്പറ്റി 60 ദിവസത്തിനകം സർക്കാരിൽ രണ്ടാം അപ്പീൽ നൽകാവുന്നതും ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം വകുപ്പ് 11 നു വിധേയമായി അന്തിമമായിരിക്കുന്നതുമാണ്. വകുപ്പ് (8) പ്രകാരം |

| | | | |
|---|---|---|---|
| | | | വ്യവഹാരം വല്ലതും ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന തീർപ്പ കൽപ്പിക്കുന്നതു വരെയും ഏറ്റെടുക്കൽ ഉത്തരവ് നടപ്പിൽ വരുത്താൻ പാടില്ലാത്തതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിനു വേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | എസ്ചീറ്റായി ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിനു വേണ്ടി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ നിന്നും 1200/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | ജില്ല | താലൂക്ക് | വില്ലേജ് | ബ്ലോക്ക് നം/ സർവ്വെ നം. | വിസ്തീർണ്ണം (ഹെക്ടറിൽ) | ജില്ലാ കളക്ടറുടെ ഉത്തരവ് തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | അരുവിക്കര | 40<br>344/ 20 | 0.1015 | 07.10.2017 | |
| 2 | കോട്ടയം | കാഞ്ഞിരപ്പള്ളി | മുണ്ടക്കയം | 5<br>438/ 10 | 0.0165 | 08.12.2017 | |
| 3 | കോഴിക്കോട് | കച്ചേരി | കച്ചേരി | 1/ 22/925 | 0.1479 | | |
| 4 | കോഴിക്കോട് | ചക്കിട്ടപ്പാറ | ചക്കിട്ടപ്പാറ | unsurveyed | 16.9968 | 28.08.2017 | |
| 5 | വയനാട് | മാനന്തവാടി | തൃശ്ശിലേരി | 348/ 1B, 348/ 2B, 454/3, 545/ 4A2, 335, 334/1, 454/ 5A, 349, 454/ 5B | 85.6997 ഹെക്ടർ (211.76 ഏക്കർ) | 21.04.2018 | വകുപ്പ് 8 പ്രകാരം അപ്പീൽ കാലാവധിക്ക് ശേഷം മാത്രം ഉത്തരവ് പ്രാബല്യത്തിൽ വരികയുള്ളൂ |
| 6 | കണ്ണൂർ | കണ്ണൂർ | എടക്കാട് | 25/ 9 | 0.0243 | 29.07.2019 | |
| ആകെ | | | | | 102.9867 | | |

ഷെമീന ബീഗം